GOVERNMENT OF KERALA

**Abstract**

RULES—KSRs PART III—SPEEDY SETTLEMENT OF PENSIONARY CLAIMS—GUIDELINES TO AVOID DELAY—FURTHER CLARIFICATIONS—ORDERS ISSUED

FINANCE (PENSION- B) DEPARTMENT

**G. O. (P) No. 803/2002/Fin. Dated, Thiruvananthapuram, 30th December, 2002.**

*Read:*—G. O. (P) No. 185/2002/Fin. dated 27-3-2002.

ORDER

As per the G. O. read above, Government have issued specific directions for the speedy settlement of pensionary claims in pending cases of departmental action, Vigilance enquiry, delays due to audit objection, etc.

A doubt has been raised regarding the applicability of the orders contained in this G. O. in cases which are pending before the Vigilance Courts/Vigilance Tribunals or other Courts.

Government have examined the matter in detail and clarify that the cases which are pending before the Courts/Vigilance Tribunals/Vigilance Courts do not come under the purview of the G. O. dated 27-3-2002. The pensionary benefits of employees, against whom cases are pending before Judiciary can be finally settled only after the disposal of the cases, because one cannot certify that the service of the employee was satisfactory, before the final judgment is pronounced. Only provisional pension can be sanctioned in such cases.

By order of the Governor,

V. M. VENUGOPALAN,
*Additional Secretary, (Finance).*

GCPT. 4/174/2003/DTP.

ക്രമനം. 4

"ഭരണഭാഷ - മാതൃഭാഷ"

നമ്പർ: E6-25928/17

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 01.03.2018.
Email: swdkerala@gmail.com
Phone: 0471 2306040.

സാമൂഹ്യ നീതി ഡയറക്ടർ,
തിരുവനന്തപുരം.

സെക്രട്ടറി,
സാമൂഹ്യനീതി വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - പെൻഷൻ - ശ്രീ. റ്റി.വി. മുഹമ്മദ് ഇക്ബാൽ (റിട്ട) ഡ്രൈവർ, ICDS പെരിന്തൽമണ്ണ - ക്രിമിനൽ കേസ് - ആനുകൂല്യങ്ങൾ അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:- മലപ്പുറം ജില്ലാതല ICDS സെൽ പ്രോഗ്രാം ഓഫീസറുടെ 29.08.2017-ലെ എ 1820/17 നം. കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പെരിന്തൽമണ്ണ ICDS-ലെ ഡ്രൈവറായിരിക്കേ 31.08.2017 തീയതിയിൽ വിരമിച്ച ശ്രീ. റ്റി.വി. മുഹമ്മദ് ഇക്ബാലിനെതിരെ നല്ലളം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നം. 769/15-ാം നം. കേസ് ബഹു. JFMC-V കോടതിയിൽ CC 1323/16-ാം നമ്പരായി വിചാരണയിലാണ് എന്നും ശ്രീമതി. ഫെമിന കെ.വി. എന്നയാൾ ഭർത്താവും ഭർതൃ വീട്ടുകാരും പീഡിപ്പിക്കുന്നു എന്നും സൂചിപ്പിച്ച് ടിയാൻ 2-ാം പ്രതിയായി നൽകിയിട്ടുള്ള പരാതിയിൽ കൊണ്ടോട്ടി സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നം. 414/15-ാം നം. കേസ് മലപ്പുറം JFMC കോടതിയിൽ CC 730/15-ാം നമ്പരായി വിചാരണയിലാണ്. അരീക്കോട് സർവ്വീസ് സഹകരണ ബാങ്കിലെ 3082 നം. അക്കൗണ്ട് ക്ലോസ് ചെയ്തതാണെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച്

AN

ബാങ്ക് ചെക്ക്, പാസ് ബുക്ക് എന്നിവ വാങ്ങി ആയത് ഉപയോഗിച്ച് ചതി ചെയ്ത കാര്യത്തിന് തൊണ്ടിയിൽ ഹഫ്സത്ത് എന്നയാളുടെ പരാതി പ്രകാരം വണ്ടൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നം. 292/14-ൽ കോടതിയിൽ കുറ്റപത്രം നൽകിയിട്ടുള്ളതുമാണ് എന്ന് സൂചന പ്രകാരം മലപ്പുറം പ്രോഗ്രാം ഓഫീസർ അറിയിച്ചിട്ടുണ്ട്. ടി കേസുകൾ ബഹു. കോടതിയുടെ പരിഗണനയിലാണ്. എന്നാൽ ശ്രീ. റ്റി.പി. മുഹമ്മദ് ഇക്ബാലിനെതിരെ സർവ്വീസിൽ നിലവിലുണ്ടായിരുന്ന കാലയളവിൽ അച്ചടക്ക നടപടികളോ വകുപ്പുമായി ബന്ധപ്പെട്ട ക്രിമിനൽ നടപടികളോ നിലവിലില്ലായിരുന്നു.

ശ്രീ. റ്റി.പി. മുഹമ്മദ് ഇക്ബാലിനെതിരെയുള്ള ക്രിമിനൽ കേസുകൾ വകുപ്പുമായി ബന്ധപ്പെട്ടവ അല്ലാത്തതിനാലും ടിയാനെതിരെ പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട സർവ്വീസ് തല അച്ചടക്ക നടപടികൾ എടുക്കുകയോ നിലവിലില്ലാത്തതോ ആയ സാഹചര്യത്തിൽ 31.08.2017-ൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. റ്റി.പി. മുഹമ്മദ് ഇക്ബാലിന് KSR Part III Rule 2 പ്രകാരം നടപടികൾ സ്വീകരിക്കാമെന്ന വ്യവസ്ഥയിൽ പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാൻ സാധിക്കുമോ എന്നുള്ള കാര്യത്തിൽ സ്പഷ്ടീകരണം നൽകണമെന്നപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

**സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി**

ഉള്ളടക്കം:-

സൂചനയുടെ പകർപ്പ്

AN

(2)

നം. ഇ6- 25928/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി – 23/5/18
Email - swdkerala@gmail.com
Phone - 0471 - 2306040

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം

സെക്രട്ടറി,
സാമൂഹ്യ നീതി വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് – ജീവനക്കാര്യം – പെൻഷൻ - ശ്രീ റ്റി. പി മുഹമ്മദ് ഇക്ബാൽ (റിട്ട) ഡ്രൈവർ ICDS പെരിന്തൽമണ്ണ ആനുകൂല്യങ്ങൾ അനുവദിക്കുന്നതു സംബന്ധിച്ച്.

സൂചന :- സാമൂഹ്യ നീതി ഡയറക്ടറുടെ 1/3/2018 ലെ ഇ6- 25928/17 നം കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പെരിന്തൽമണ്ണ ശിശു വികസന പദ്ധതി ആഫീസിൽ നിന്നും 31/8/2017 തീയതിയിൽ വിരമിച്ച ഡ്രൈവർ ശ്രീ റ്റി. പി. മുഹമ്മദ് ഇക്ബാലിനിതിരെ വകുപ്പുമായി ബന്ധപ്പെടാത്ത ക്രിമിനൽ കേസുകൾ നിലനിൽക്കുന്നതിനാൽ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതു സംബന്ധിച്ചുള്ള സ്പഷടീകരണത്തിനായി സൂചന പ്രകാരം അപേക്ഷിച്ചിരുന്നു. ഇതിൻ മേൽ നാളിതുവരെ സ്പഷ്ടീകരണം ലഭിച്ചിട്ടില്ല.

ടിയാളുടെ ക്രെഡിറ്റിലുള്ള 76 ദിവസത്തെ ആർജ്ജിതാവധി ടെർമിനൽ സറണ്ടർ ചെയ്യുന്നതിന് അനുമതി ഉത്തരവ് നൽകണമെന്ന് ടിയാൾ ആവശ്യപ്പെട്ടിട്ടുണ്ട്. ക്രിമിനൽ കേസിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീ. മുഹമ്മദ് ഇക്ബാലിന് ടിയാന്റെ ക്രെഡിറ്റിയുള്ള E/L ടെർമിനൽ സറണ്ടർ ചെയ്യുന്നതിന് അനുമതി നൽകുവാൻ നിയമപരമായ തടസമുണ്ടോയെന്ന് സർക്കാർ തലത്തിൽ പരിശോധിച്ച് ഇത് സംബന്ധിച്ചുള്ള സ്പഷ്ടീകരണവും ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിലുള്ള സർക്കാർ തീരുമാനവും എത്രയും വേഗം നൽകണമെന്നപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

*Administrative Officer*
*Directorate of Social Justice*
*Vikas Bhavan*
*Thiruvananthapuram-33*

vj

(X) ക്രമനം. 5

നം. ഇ1 - 1820/17

ജില്ലാതല മോണിറ്ററിംഗ് സെൽ,
മലപ്പുറം തീയതി: 29/08/2017

പ്രോഗ്രാം ഓഫീസർ
മലപ്പുറം

സാമൂഹ്യനീതി ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം: ജില്ലാതല മോണിറ്ററിംഗ് സെൽ, മലപ്പുറം - ജീവനക്കാരൻ - ശ്രീ ടി.പി [illegible] ജവ്ഹർ, നെതിരെ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ വിശദവിവരം സമർപ്പിക്കുന്നത് - സംബ

സൂചന: സാമൂഹ്യനീതി ഡയറക്ടറുടെ 13/07/2017-ലെ ഇ5- 25462/15 കത്ത്

---

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ഐ.സി.ഡി.എസ് പ്രോജക്ടിലെ ഡ്രൈവറായി ജോലി ചെയ്യുന്ന ശ്രീ. ടി.പി [illegible] ജവ്ഹർ - നെതിരെ കൊണ്ടോട്ടി, വണ്ടൂർ, നല്ലളം എന്നീ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത കേസിന്റെ വിശദവിവരം സൂചന പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഇതുമായി ബന്ധപ്പെട്ട വിശദ വിവരം താഴെ കൊടുക്കുന്നു.

(1) നല്ലളം പോലീസ് സ്റ്റേഷൻ ക്രൈം 769/15 u/s 448, 354, 506(1) IPC w/f 01/07/15 തിയതി കേസ് രജിസ്റ്റർ ചെയ്തു. അന്വേഷണം പൂർത്തിയാക്കി 27/07/16 തിയതി കുറ്റപത്രം ബഹു. JFCM V കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും ബഹു. കോടതിയിൽ CC 1323/16 നമ്പറായി കേസ് വിചാരണയിലാണെന്ന് പോലീസ് സബ് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

(2) ശ്രീമതി ഷെമീന. കെ.വി. എന്നയാൾ ഭർത്താവും ഭർതൃ വീട്ടുകാരും പീഡിപ്പിക്കുന്നു എന്ന് [illegible] സൂചിപ്പിച്ച് നൽകിയ

ഉണ്ടായതിൽ കൊണ്ടോട്ടി പോലീസ് സ്റ്റേഷനിൽ 13/03/15 തിയതി രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 414/15 u/s 498(A), 406, 506(II) r/w 34 IPC കേസിലെ രണ്ടാം പ്രതിയാണ് ടി.പി. മുഹമ്മദ് ഇഖ്ബാൽ. ബഹു: മഞ്ചേരി സെഷൻസ് കോടതിയുടെ മുൻകൂർ ജാമ്യ ഉത്തരവു പ്രകാരം 25/03/2015 തിയതി കൊണ്ടോട്ടി പോലീസ് സ്റ്റേഷനിൽ ഹാജരായതു പ്രകാരം ബഹു: കോടതി ഉത്തരവു പ്രകാരം ഇയാളെ ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതാണ് എന്ന് പോലീസ് സബ് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മലപ്പുറം ജുഡീഷ്യൽ ഒന്നാം ക്ലാസ് കോടതി CC 730/15 പ്രകാരം ഇതിന്റെ വിചാരണ 17/10/2017ന് ആണ്. (കോപ്പി ഉള്ളടക്കം ചെയ്യുന്നു)

(3) അരീക്കോട് സർവ്വീസ് സഹകരണ ബാങ്കിലെ 8082 നമ്പർ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതാണെന്ന് ഉറപ്പു വിശ്വസിപ്പിച്ച് ബ്ലാങ്ക് ചെക്ക്, പാസ്സ്ബുക്ക് എന്നിവ വാങ്ങി ദുരുപയോഗിച്ച് വ്യാജരേഖ ചമച്ച് ചതി ചെയ്ത കാര്യത്തിൽ [illegible] ഹർജിക്കാരന്റെ പരാതി പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ പ്രതി ബാങ്കിന്റെ സെക്രട്ടറിയായി സേവനത്തിന്റെ സ്ഥാനത്തിൽ ശ്രീ. ടി.പി. മുഹമ്മദ് ഇഖ്ബാലിന്റെ പേരിൽ ബഹു. പെരിന്തൽമണ്ണ JFCM II കോടതിയിൽ 19/08/2014ന് കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണ്. കേസിന്റെ വിചാരണ 25/09/2017 ലേക്ക് മാറ്റിവെച്ചിട്ടുള്ളതാണെന്ന് വണ്ടൂർ പോലീസ് സബ് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം അറിയിക്കുന്നു (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

മേൽ റിപ്പോർട്ട് കമ്മീഷൻ മുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു.

റജിസ്റ്റേഡ് / with AD

25162

പി.വി. ഷൊ [redacted]
ചോലയിൽ ഹൗസ്
കുനിയിൽ
പി.ഒ. കീഴുപറമ്പ്, അരീക്കോട് - 673639
മലപ്പുറം ജില്ല

സ്വീകർത്താവ്,

ഡയരക്ടർ,
സാമൂഹ്യനീതി വകുപ്പ്,
വികാസ് ഭവൻ,
തിരുവനന്തപുരം

സാർ,

വിഷയം : **മണ്ണാർക്കാട് അഡീഷണൽ ICDS പ്രൊജക്ടിലെ സൂപ്രവൈസർ, ശ്രീമതി. ടി. ഹഫ്സത്ത് കടമായി വാങ്ങിയ പണം തിരിച്ചു നൽകാതെ ബ്ലാങ്ക് ചെക്ക് നൽകി വിശ്വാസവഞ്ചനയും, ചതിയും, കബളിപ്പിക്കലും നടത്തിയത് ശരിയാണെന്നും പ്രഥമ ദൃഷ്ടിയാൽ ടിയാൾ കുറ്റക്കാരിയാണെന്ന് ബഹുമാനപ്പെട്ട മഞ്ചേരി സബോഡിനേറ്റ് കോടതി കണ്ടെത്തി പ്രസ്താവിച്ചിരിക്കുന്ന വിധി പകർപ്പ് ഹഫ്സത്തിന്റെ പേരിൽ നടപടികളെടുക്കാൻ അയക്കുന്നത് സംബന്ധിച്ച്.**

സൂചന : 1) സൂപ്രവൈസർ ശ്രീമതി. ടി. ഹഫ്സത്ത് എന്റെ ഭർത്താവിന്ന് 9/4/2010ന്ന് നൽകിയ പണം കൈപറ്റ് രസീതിയും 18/4/2012ന്ന് നൽകിയ ചെക്കും.

2) ബഹുമാനപ്പെട്ട മഞ്ചേരി സബോഡിനേറ്റ് കോടതി ഹഫ്സത്ത് കുറ്റക്കാരിയാണെന്ന് കണ്ടെത്തി 14/1/2015ന്ന് No. 158/012 പ്രകാരം വിധിച്ച വിധിപ്പകർപ്പും ജഡ്ജ്മെന്റും.

**മേൽ സൂചനകളിലേക്ക് അങ്ങയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.**

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് അഡീഷണൽ ICDS, പ്രൊജക്റ്റിൽ സൂപ്രവൈസറായി ജോലി ചെയ്തുവരുന്ന ശ്രീമതി. ടി. ഹഫ്സത്ത് തനിക്ക് വസ്തു വാങ്ങുന്നതിന്നും, വാങ്ങിയ വസ്തുവിൽ വീട് വെക്കുന്നതിനുമായി എന്റെ നാല് പെൺമക്കളുടെയും, എന്റെയും ആഭരണങ്ങൾ പണയം വെപ്പിക്കുകയും, വിൽപ്പന നടത്തിപ്പിക്കുകയും ചെയ്യിച്ചുകൊണ്ട് 9,86000 രൂപ കടമായി എന്റെ ഭർത്താവിൽനിന്നും വാങ്ങിയിരുന്നു.

മേൽ പറഞ്ഞ സംഖ്യ കൈപ്പറ്റിയതിന് ടിയാൾ 9/4/2010ന് ഒരു പണം കൈപ്പറ്റ് രസീതി എഴുതി ഒപ്പിട്ടു നൽകുകയും ചെയ്തിരുന്നു.

ആയതിന് ശേഷം എന്റെ ഭർത്താവിൽനിന്നും വാങ്ങിയ പണം തിരിച്ചുതരാമെന്നേറ്റ ദിവസങ്ങളിലൊന്നും പണം തിരിച്ചുനൽകാതെ ഓരോ കാരണങ്ങൾ പറഞ്ഞ് ടിയാൾ ഒഴിഞ്ഞ്മാറി നടന്നതിനെ തുടർന്ന് നാട്ടുകാർ ഇടപെടുകയും, ടിയാളോട് പണം തിരിച്ചു നൽകാൻ ആവശ്യപ്പെട്ടതനുസരിച്ച് ശ്രീമതി. ഹഫ്സത്ത് തന്റെ ബേങ്ക് എക്കൗണ്ടിൽ

Contd.....P/2..

മതിയായ പണമുണ്ടെന്നും പറഞ്ഞ് മേൽ സൂചന (1) പ്രകാരം 18/4/2012 തിയ്യതി വെച്ച് ഒരു ചെക്ക് ഒപ്പിട്ടു നൽകുകയും, ടി. ചെക്ക് ബേങ്കിൽ നൽകിയാൽ സംഖ്യ കിട്ടുമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് പറഞ്ഞയച്ചതിന് ശേഷം ടി ചെക്കുമായി എന്റെ ഭർത്താവ് ബേങ്കിൽ പോയപ്പോൾ ടിയാളുടെ എക്കൗണ്ടിൽ മതിയായ പണമില്ലെന്നും പറഞ്ഞ് ചെക്ക് മടക്കി നൽകുകയും ചെയ്തു.

തുടർന്ന് എന്റെ ഭർത്താവ് താൻ വഞ്ചനയിലും, ചതിയിലും, കബളിപ്പിക്കലിലും പെട്ടിരിക്കുകയാണെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് ഉടൻ തന്നെ ഹഫ്സത്തിന്റെ പേരിൽ വക്കീൽ നോട്ടീസ് അയക്കുകയും, ആയതിന് യാതൊരു മറുപടിയും കാണാതെ വന്നപ്പോൾ എന്റെ ഭർത്താവ് ബഹുമാനപ്പെട്ട മഞ്ചേരി സബോർഡിനേറ്റ് കോടതിയിൽ OS-158/012 പ്രകാരം 21/5/2012 ന്ന് സൂപ്രവൈസർ ശ്രീമതി ഹഫ്സത്തിനെതിരെ വിശ്വാസവഞ്ചന, ചതി, കബളിപ്പിക്കൽ തുടങ്ങിയ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ഒരു കേസ് ഫയൽ ചെയ്ത് നടത്തിപ്പോന്നതിനെ തുടർന്ന് ബഹുമാനപ്പെട്ട കോടതിക്ക് സത്യം മനസിലാവുകയും, ഹഫ്സത്ത് കുറ്റക്കാരിയാണെന്ന് കണ്ടെത്തുകയും ടിയാളോട് എന്റെ ഭർത്താവിന് നൽകുവാനുള്ള സംഖ്യയും ആയതിന്റെ 12 ശതമാനം പലിശയും, കോടതി ചിലവുകളും തിരിച്ചുനൽകാൻ കൽപ്പിച്ചുകൊണ്ട് മേൽ സൂചന (2) പ്രകാരം 14.1.2015 ന്ന് വിധി പറയുകയും ചെയ്യുകയുണ്ടായി.

14/1/15ന് ബഹുമാനപ്പെട്ട സബ് കോടതി സൂപ്രവൈസർക്കെതിരെ വിധി പറഞ്ഞശേഷം പ്രസ്തുത കോടതി വിധി മാനിച്ച് എന്റെ ഭർത്താവിൽനിന്നും വാങ്ങിയ തുക ടിയാൾ ഇന്നെവരെയായിട്ടും തിരിച്ചുനൽകിയിട്ടില്ല.

അതിനാൽ ബഹുമാനപ്പെട്ട മഞ്ചേരി സബോർഡിനേറ്റ് കോടതി വിധി മാനിച്ച്, സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് നടക്കുന്ന സൂപ്രവൈസർ **ശ്രീമതി. ഹഫ്സത്തിനെ സർവ്വീസിൽ നിന്നും മാറ്റിനിർത്തി ടിയാളോട് എന്റെ ഭർത്താവിന് നൽകാൻ കോടതി ഉത്തരവിട്ട പ്രകാരം തുക നൽകാനും, മേലിൽ ഇത്തരം ചതിയും, വഞ്ചനയും, കബളിപ്പിക്കലും മറ്റൊരാളോടും ചെയ്യാതിരിക്കാനും വേണ്ട കർശന നിർദ്ദേശം ടിയാൾക്ക് നൽകണമെന്നും സൂപ്രവൈസർ ശ്രീമതി. ഹഫ്സത്തിന്റെ നിയമനാധികാരിയായ ബഹുമാനപ്പെട്ട സാമൂഹ്യനീതി ഡയരക്ടറോട് വളരെ വിനയപുരസരം അപേക്ഷിക്കുന്നതിനോടൊപ്പം,** ടി സൂപ്രവൈസറുടെ സ്വഭാവത്തെപ്പറ്റിയും, ടിയാളുടെ അഴിമതി, വഞ്ചന, വ്യവഹാരങ്ങൾ, ധിക്കാരം, നിയമലംഘനങ്ങൾ തുടങ്ങിയ കാര്യങ്ങളെപ്പറ്റി ഒരു സമഗ്രമായ അന്വേഷണം നടത്താൻ ഉത്തരവിടണമെന്നും വിനീതമായി സാമൂഹ്യ നീതി ഡയരക്ടറോട് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

PV 28/5

**പി.വി. ഷെരീഫ**

**ഉള്ളടക്കം**

1. സൂപ്രവൈസർ നൽകിയ ചെക്കും, പണം കൈപ്പറ്റ് രശീതിയും
2. ബഹു. മഞ്ചേരി സബോർഡിനേറ്റ് കോടതി സൂപ്രവൈസർക്കെതിരെ 14/1/2015ന്ന് വിധിച്ച സാക്ഷ്യപ്പെടുത്തിയ വിധിപ്പകർപ്പ്.

no. E5- 25462/15 A5

നമ്പർ /2255/16

ജില്ലാസാമൂഹ്യനീതി ഓഫീസ്,
മലപ്പുറം,തീയതി: 09.03.17
ഫോൺ: 2735324
E mail:dsjompm@gmail.com

ജില്ലാസാമൂഹ്യനീതി ഓഫീസർ,
മലപ്പുറം.

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

മാഡം,

വിഷയം :- ജില്ലാ സാമൂഹ്യ നീതി ഓഫീസ് മലപ്പുറം - ശ്രീമതി. ഹഫ്സത്ത് സൂപ്പർവൈസർ ബ്ലാങ്ക് ചെക്ക് നൽകി കബളിപ്പിച്ച പരാതി- അന്വേഷണ റിപ്പോർട്ട് സംബന്ധിച്ച്.

സൂചന:- 1. സാമൂഹ്യനീതി ഡയറക്ടറുടെ 30.1.2017 ലെ ഇ5 2546/15 നമ്പർ കത്ത്.
2. മഞ്ചേരി ഫോറസ്റ്റ് കോടതിയിൽ ഇക്ബാൽ നൽകിയ ക്രിമിനൽ കേസ്(എസ്.ടി.101/2012)
3. മഞ്ചേരി സബ് കോടതി മുൻപാകെ നൽകിയ അന്യായം(ഒ.എസ് 158/12).
4. ബഹു.ഹൈക്കോടതി ആർ.എഫ്.എ. 95/16 ഐ.എ 366/2016 ആയി സ്റ്റേ ഉത്തരവ്

സൂചന കത്തിലേക്കു ക്ഷണിക്കുന്നു. കത്തിൽ പറയുന്ന ശ്രീമതി ഹഫ്സത്ത്. ടി, സൂപ്പർവൈസറായി ഇപ്പോൾ ജോലി ചെയ്യുന്നത് മണ്ണാർക്കാട് അഡീഷണൽ ഐ.സി.ഡി.എസ്-ൽ ആണ്. ടിയാരി 2005ൽ മലപ്പുറം അരീക്കോട് ഐ.സി.ഡി.എസ്-ൽ ജോലി ചെയ്തിരുന്ന വേളയിൽ ആ പ്രൊജക്ടിലെ ഡ്രൈവർ ആയിരുന്നു ശ്രീ മുഹമ്മദ് ഇക്ബാൽ. ഔദ്യോഗിക ബന്ധത്തിനപ്പുറമുള്ള അടുപ്പം സൂപ്പർവൈസറുടെ വീട്ടുകാരുടേയും വളരെ വേണ്ടപ്പെട്ട വിശ്വസ്തനായി ശ്രീ. മുഹമ്മദ് ഇക്ബാൽ. തുടർന്ന് ഇക്ബാൽ അവിടെ നിന്നും പെരിന്തൽമണ്ണ പ്രോജറ്റിലേക്കും, 2010ൽ ശ്രീമതി ഹഫ്സത്ത് വണ്ടൂർ ഐ.സി.ഡി.എസ്-ലേക്ക് ട്രാൻസ്ഫർആയി.

ആ വേളയിൽ ഹഫ്സത്തിന്റെ വീടു പണിയും നടക്കുന്നുണ്ടായിരുന്നു.16-2-2010ന് വീടിന്റെ മുകളിൽ നനക്കാൻ കയറിയ ഹഫ്സത്ത്, താഴോട്ടു വീഴുകയും നട്ടെല്ലിന്റെ കഴുത്തു ഭാഗത്ത് എല്ലുകൾ സ്ഥാനം തെറ്റി വളരെ ഗുരുതരമായ പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇനി തിരിച്ച് വരില്ലായെന്നും, ജോലി ചെയ്യാനൊന്നും കഴിയില്ലായെന്നും ഡോക്ടർമാരും ബന്ധുക്കളും വിധി എഴുതിയെങ്കിലും 2 ആഴ്ചത്തെ ഐ.സി.യു വാസത്തിനുശേഷം വാർഡിലേക്ക് മാറ്റുകയും ഹഫ്സത്തിന് പരസഹായം വേണ്ടതിനാൽ ആശുപത്രിയിൽ നിന്നും സഹോദരിയുടെ വണ്ടൂരുള്ള വീട്ടിലേക്ക് മാറ്റുകയും ചെയ്തു, ആശുപത്രി ചിലവുകൾക്ക് പണം തികയാതെ കഷ്ടപ്പെടുമ്പോൾ അരീക്കോട് ജോലി ചെയ്യുമ്പോൾ, അരീക്കോട് കോ ഓപ്പറേറ്റീവ് സൊസൈറ്റി ബാങ്കിൽ ആരംഭിച്ച അക്കൗണ്ട് ക്ലോസ്സ് ചെയ്യാനും അക്കൗണ്ടിലുള്ള പണം പിൻവലിക്കാനും ശ്രീ. മുഹമ്മദ് ഇക്ബാൽ കാണാൻ വന്നപ്പോൾ ഉപദേശിക്കുകയും അയാൾ മാറികൊണ്ടുവരാമെന്ന് വാഗ്ദാനം നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പാസ്സ് ബുക്ക് പ്രകാരം ബാക്കിയുള്ള 800/. (എണ്ണൂറു രൂപ മാത്രം) പിൻ വലിക്കുന്നതിന് 004324 -ാം നംമ്പർ ചെക്കിലും അപേക്ഷ എഴുതുന്നതിന് വെള്ള പേപ്പറിലും ഒപ്പിട്ട് സഹോദരിയുടെ വീട്ടിൽ വച്ച് 31-5-2010ന് ഡ്രൈവർ ശ്രീ മുഹമ്മദ് ഇക്ബാലിനെ ഏൽപ്പിച്ചു. ചെക്ക് ബാങ്കിൽ സമർപ്പിച്ച ഇക്ബാൽ 800/ രൂപ മാത്രമല്ല പലിശയും ഉള്ളതിൽ മുഴുൻ പണവും

എടുത്തതിനു ശേഷം മതി എക്കൗണ്ട് ക്ലോസ് ചെയ്യൽ എന്ന് പറഞ്ഞ് പണം മാറാതെ വരുകയും ഏക ദേശം 860 രൂപ യോളം ഉണ്ടെന്നും തുക എത്രയെന്ന് നോക്കിയതിനുശേഷം എഴുതികൊള്ളാമെന്ന് പറഞ്ഞു 004325 -ാം നമ്പർ ബ്ലാങ്ക് ചെക്കിൽ ഒപ്പിട്ടു വാങ്ങി. ഇക്ബാൽ പിന്നാടാവഴിക്ക് ചെന്നില്ല. മുഹമ്മദ് ഇക്ബാൽ പിന്നീടൊരു ദിവസം 800 രൂപയുടെ ചെക്ക് ഹഫ്സത്തിന്റെ വീട്ടിൽ തിരിച്ചേൽപ്പിച്ചു.

അസുഖമെല്ലാം മാറി ജീവിതത്തിലേക്ക് തിരിച്ചുവന്ന ഹഫ്സത്ത് ചെക്കിന്റെ കാര്യം മറക്കുകയും 6 മാസത്തിനു ശേഷം ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. തുടർന്ന് 8/3/2012 - ത് വിവാഹിതയായി. സർക്കാർ ജോലിക്കാരനായ ഹഫ്സത്തിന്റെ ഭർത്താവ് ശ്രീ.മുഹമ്മദലി എൻ.ജി.ഒ .യൂണിയൻ പ്രവർത്തകനുമായിരുന്നു. സർക്കാർ ജീവനക്കാരനായ ശ്രീ. മുഹമ്മദ് ഇക്ബാൽ ബിനാമി പേരിൽ പല ബിസിനസ്സുകളും നടത്തിയിരുന്നു. ഇതിനെതിരെ ഹഫ്സത്തിന്റെ ഭർത്താവ് പ്രതികരിച്ചത് ഇക്ബാലിന് പിടിച്ചില്ല. ഹഫ്സത്ത് വിവാഹം കഴിച്ചത് തന്നെ ഇഷ്ടപ്പെടാത്ത ഇക്ബാലിന പണ്ടത്തെ ബന്ധം ഇനി തുടരാൻ കഴിയില്ല എന്നുമാത്രമല്ല, തനിക്കെതിരെ നീങ്ങാനും മടിക്കില്ലായെന മനസ്സിലാക്കിയ ഇക്ബാൽ ഹഫ്സത്തിനെ പാഠം പഠിപ്പിക്കാൻ പണി തുടങ്ങി. 3 തിയ്യതികളിലായ 6-5-2009നും, 23-2-2010നും, 9-4-2010നും യഥാക്രമം 3,00000/-,1,60000/-, 5,26000/- മൊത്തം 9,86000/-രൂ ഇക്ബാലിൽ നിന്നും വാങ്ങിയതായി രേഖയുണ്ടാക്കി കയ്യിലുള്ള 004325-ാം നമ്പർ ചെക്കിൽ 860 എന തുകയെ 986000/-(ഒൻപത് ലക്ഷത്തി എൺപത്തി ആറായിരം രൂപ മാത്രം) എന്ന് എഴുതി കീഴുപറമ്പ സഹകരണ ബാങ്കിന്റെ കുട്ടോളി ബ്രാഞ്ചിൽ സമർപ്പിക്കുകയും, 'ഇൻ സഫിഷ്യന്റ് ബാലൻസ്' എന്ന പറഞ്ഞ് മടങ്ങിയ ചെക്ക് ഉപയോഗിച്ച് മഞ്ചേരി ഫോറസ്റ്റ് കോടതിയിൽ ഇക്ബാൽ നൽകിയ ക്രിമിനൽ കേസ്(എസ്.ടി.101/2012) തള്ളി പോയി, പണം ഈടാക്കി കിട്ടാൻ മഞ്ചേരി സബ് കോടതി മുൻപാകെ നൽകിയ അന്യായം(ഒ.എസ് 158/12) ഇക്ബാല്ലിന് അനുകൂലമായി വിധിക്കുകയും ചെയ്തു. മേപ്പ വിധി ബഹു.ഹൈക്കോടതി ആർ.എഫ്.എ. 95/16 ഐ.എ 366/2016 ആയി സ്റ്റേ ചെയ്തിട്ടുണ്ട്.

ശ്രീ.മുഹമ്മദ് ഇക്ബാൽ പെരിന്തൽമണ്ണ ഐ.സി.ഡി.എസ്സിൽ ജോലിനോക്കി കൊണ്ടിരിക്കുമ്പോൾ അരീക്കോട് ഐ.സി.ഡി.എസ്സ് ആഫീസിൽ അതിക്രമിച്ചു കയറി ജീവനക്കാരെ അസഭ്യം പറയുകയും ആഫീസ് വാതിൽ പുറത്ത് നിന്നും പൂട്ടി ജീവനക്കാരെ ബന്ദികളാക്കുകയും ചെയ്തതിന് -12-2008ൽ ഇ5-48959/08 നമ്പർ ഉത്തരവുപ്രകാരം 6 മാസത്തേക്ക് സസ്പന്റ് ചെയ്തിട്ടുണ്ട്.

കൂടാതെ ടിയാന്റെ പേരിൽ ക്രൈം 292/14 വണ്ടൂർ പോലീസും ക്രൈം 414/15 കുണ്ടോ പോലീസും ക്രൈം 769/15 നല്ലളം പോലീസും ക്രിമിനൽ കേസുകളെടുത്തത് നിലവിലുണ്ട്. മേ വിവരം തുടർ നടപടികൾക്കായി ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ

നമ്പർ : ഇ6/7413/2018

**<u>വിവരാവകാശം/മറുപടി</u>**

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ,തിരുവനന്തപുരം.
തീയതി : 30/06/2018
E-mail:swdkerala@gmail.com
Ph: 0471 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്
തിരുവനന്തപുരം

ശ്രീമതി. പി. വി. ഷെരീഫ
ചോലയിൽ (H) കുനിയിൽ പി. ഒ.
കീഴുപറമ്പ്
അരീക്കോട് 673 639
മലപ്പുറം

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് – ജീവനക്കാര്യം വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ – മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന: താങ്കളുടെ ~~ശ്രീമതി. പി. വി. ഷെരീഫയുടെ~~ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.

വിവരാവകാശ നിയമപ്രകാരമുള്ള താങ്കളുടെ ചോദ്യങ്ങൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

1. ഡ്രൈവർ ശ്രീ. T. P. മുഹമ്മദ് ഇക്ബാൽ 31/08/2017 തീയതിയിൽ സർവ്വീസിൽ നിന്നും വിരമിച്ചു. ടിയാൾ സർവ്വീസിൽ നിന്നും വിരമിച്ചിട്ട് 10 മാസക്കാലമായി.

2. അരീക്കോട് ICDS ലെ ജീവനക്കാരെ ആഫീസിന്റെ വാതിൽ പുറമേ നിന്ന് പൂട്ടി ബന്ദികളാക്കുകയും ആഫീസ് ജീവനക്കാരെയും ആഫീസറെയും അസഭ്യം

പറയുകയും ചെയ്തതിന് ടിയാളെ സസ്പെൻഡ് ചെയ്തിട്ടുള്ളതും സാമൂഹ്യനീതി ഡയറക്ടറുടെ 28/08/2009 ലെ ഇ5 - 48959/08 നമ്പർ ഉത്തരവ് പ്രകാരം ടിയാൾ സസ്പെൻഷനിലായിരുന്ന കാലയളവ് ശമ്പളവും അലവൻസുകളുമൊഴികെയുള്ള എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായി പരിഗണിച്ചും, ശമ്പളവും അലവൻസുകളും 80% ആയി നിജപ്പെടുത്തിയും ടിയാന്റെ വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് അച്ചടക്കനടപടി തീർപ്പ് കൽപ്പിക്കുകയും കുറ്റിപ്പുറം ICDS ൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

3. 1960 ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടം, സർക്കാർ ജീവനക്കാരുടെ നിയന്ത്രണവും തരം തിരിക്കലും അപ്പീലും ചട്ടങ്ങൾ എന്നിവ പ്രകാരം സർവ്വീസിൽ നിലവിലുള്ള സമയത്ത് ആരംഭിച്ച വകുപ്പുമായി ബന്ധമില്ലാത്തതുമായ കേസുകളിൽമേലും നടപടി എടുക്കാവുന്നതാണ്. അത്തരം കേസുകളിൽമേൽ വിരമിച്ചതിനു ശേഷവും KSR Part III യിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ നടപടികൾ തുടരുന്നതാണ്.

4. 1960 ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടം, സർക്കാർ ജീവനക്കാരുടെ നിയന്ത്രണവും തരം തിരിക്കലും അപ്പീലും ചട്ടങ്ങൾ എന്നിവ പ്രകാരം സർവ്വീസിൽ നിലവിലുള്ള സമയത്ത് ആരംഭിച്ച വകുപ്പുമായി ബന്ധമില്ലാത്തതുമായ കേസുകളിൽമേലും നടപടി എടുക്കാവുന്നതാണ്. അത്തരം കേസുകളിൽമേൽ വിരമിച്ചതിനു ശേഷവും KSR Part III യിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ നടപടികൾ തുടരുന്നതാണ്. G.O(P)No.185/2002/Fin dated 27/03/2002 പ്രകാരം സർക്കാർ വ്യക്തമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

5. ശ്രീ. ടി. പി മുഹമ്മദ് ഇക്ബാലിന് ബാധ്യതകൾ ഇല്ലെങ്കിൽ മാത്രമേ NLC നൽകുകയുള്ളൂ. ടിയാൻ സർവ്വീസിലുണ്ടായിരുന്ന സമയത്ത് ആരംഭിച്ചിട്ടുള്ള ക്രിമിനൽ കേസുകൾ നിലവിലുള്ളതിനാൽ സർക്കാരിന്റെ സ്പഷ്ടീകരണത്തിനു വിധേയമായി NLC അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

6. താങ്കൾക്ക് ആവശ്യമുള്ള രേഖ ഏതാണെന്ന് വ്യക്തമാക്കുവാൻ താൽപ്പര്യപ്പെടുന്നു.

7. താങ്കൾക്ക് ആവശ്യമുള്ള രേഖ ഏതാണെന്ന് വ്യക്തമാക്കുവാൻ താൽപ്പര്യപ്പെടുന്നു.

8. പൊതുതാൽപ്പര്യമുള്ള വിഷയമല്ലാത്തതിനാൽ ~~ചോദ്യം പ്രസക്തമല്ല.~~ [illegible]

9. ശ്രീമതി. പി. വി ഷെരീഫ 28/05/2015 ൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലാ സാമൂഹ്യനീതി ഓഫീസർ ഇതു സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്. പകർപ്പ് നൽകുന്നു.

10. ശ്രീ. മുഹമ്മദ് ഇക്ബാൽ സർവ്വീസിൽ ഉണ്ടായിരുന്ന കാലയളവിൽ ക്രിമിനൽ കേസുകൾ നിലവിലുണ്ടായിരുന്നതിനാൽ, നിലവിലുള്ള ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ സ്പഷ്ടീകരണത്തിനായാണ് കത്തയച്ചിട്ടുള്ളത്. സർക്കാർ സ്പഷ്ടീകരണം ലഭ്യമാകുന്ന മുറക്ക് NLC അനുവദിക്കുന്ന~~താണ്~~ [illegible]

11. സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭിക്കുന്ന മുറയ്ക്ക് വിവരം ടിയാളെ അറിയിക്കുന്നതാണ്.

12. ഇല്ല.

13. ശ്രീ. ടി. പി. മുഹമ്മദ് ഇക്ബാൽ സാമൂഹ്യനീതി വകുപ്പിലെ ജീവനക്കാരനായിരുന്നതിനാൽ ടിയാന്റെ പ്രവർത്തികൾ വകുപ്പിനെ ബാധിക്കുന്നതാണ്.

14. 1960 ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടം, സർക്കാർ ജീവനക്കാരുടെ നിയന്ത്രണവും തരം തിരിക്കലും അപ്പീലും ചട്ടങ്ങൾ എന്നിവ പ്രകാരം സർവ്വീസിൽ നിലവിലുള്ള സമയത്ത് ആരംഭിച്ച വകുപ്പുമായി ബന്ധമില്ലാത്തതുമായ കേസുകളിൽമേലും നടപടി എടുക്കാവുന്നതാണ്. അത്തരം കേസുകളിൽമേൽ വിരമിച്ചതിനു ശേഷവും KSR Part III യിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ നടപടികൾ തുടരുന്നതാണ്.

15. 1960 ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടം, സർക്കാർ ജീവനക്കാരുടെ നിയന്ത്രണവും തരം തിരിക്കലും അപ്പീലും ചട്ടങ്ങൾ എന്നിവ പ്രകാരം സർവ്വീസിൽ നിലവിലുള്ള സമയത്ത് ആരംഭിച്ച വകുപ്പുമായി ബന്ധമില്ലാത്തതുമായ കേസുകളിൽമേലും നടപടി എടുക്കാവുന്നതാണ്. അത്തരം കേസുകളിൽമേൽ വിരമിച്ചതിനു ശേഷവും KSR Part III യിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ നടപടികൾ തുടരുന്നതാണ്.

16. 1960 ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടം, സർക്കാർ ജീവനക്കാരുടെ നിയന്ത്രണവും തരം തിരിക്കലും അപ്പീലും ചട്ടങ്ങൾ എന്നിവ പ്രകാരം സർവ്വീസിൽ നിലവിലുള്ള സമയത്ത് ആരംഭിച്ച വകുപ്പുമായി ബന്ധമില്ലാത്തതുമായ കേസുകളിൽമേലും നടപടി എടുക്കാവുന്നതാണ്. അത്തരം കേസുകളിൽമേൽ വിരമിച്ചതിനു ശേഷവും KSR Part III യിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ നടപടികൾ തുടരുന്നതാണ്.

17. അറസ്റ്റ് ചെയ്തത് സംബന്ധിച്ചുള്ള വിവരം ഈ ഓഫീസിൽ ലഭ്യമല്ല.

18. ഓഫീസ് രേഖകൾ പ്രകാരം ടിയാളിൽ നിന്നും പരാതി ലഭിച്ചതായി കാണുന്നില്ല.

മേൽപ്പറഞ്ഞ മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ മറുപടി ലഭിച്ച് 30 ദിവസത്തിനകം ശ്രീമതി. കെ. ഗീത അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/അപ്പലേറ്റ് അതോറിറ്റി, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ എന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

താങ്കൾ ആവശ്യപ്പെട്ട രേഖകളിൽ ക്രമനമ്പർ 2,4,5 എന്നിവയുടെ പകർപ്പുകൾ കൂടി ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു. 1960 ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടം, സർക്കാർ ജീവനക്കാരുടെ തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും ചട്ടങ്ങൾ 1960, KSR Part III എന്നിവ താങ്കൾക്ക് വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. സർക്കാർ പരിഗണനയിലിരിക്കുന്ന വിഷയമാകയാൽ ക്രമ നമ്പർ 3 ൽ ആവശ്യപ്പെട്ടിട്ടുള്ള രേഖ നൽകുവാൻ നിർവ്വാഹമില്ല എന്നറിയിക്കുന്നു.

വിശ്വസ്തതയോടെ

എസ്. രാജീവ് കുമാർ
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
& സീനിയർ സൂപ്രണ്ട്
സാമൂഹ്യനീതി ഡയറക്ടറേറ്റ്

30/6/2018